## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4045 16.03.2017-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്കു വാങ്ങി നൽകുന്നതിനായി കഴിഞ്ഞ വർഷം (2016-17) എത്ര കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര കോടി രൂപ ചെലവഴിയ്ക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം (2016-17) ആദിവാസി പുനരധിവാസ വികസന മിഷന് (TRDM) 45,08,80,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി നടപ്പു വർഷം (2016-17) 6,44,75,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക മറ്റ് പുനരധിവാസ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചിട്ടുണ്ട്. |
| ബി) | ഇതിലൂടെ എത്രമാത്രം ഭൂമി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകുവാൻ കഴിഞ്ഞു; വിശദ വിവരം നൽകുമോ; | ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഈ വർഷം 211 പേർക്ക് ഭൂമി വാങ്ങാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 29.588 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിയ്ക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | സി) | നടപ്പു വർഷം പ്രസ്തുത ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. |
| ഡി) | പ്രസ്തുത തുക വിനിയോഗിയ്ക്കാത്ത സമീപനം ഏതെങ്കിലും ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ; | ഡി) | എല്ലാവിധത്തിലുമുള്ള നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഭൂമി വാങ്ങി നൽകുന്നതിനായി അനുവദിച്ച തുക വിനിയോഗിക്കാത്ത സമീപനം സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | ഫണ്ട് വിനിയോഗിക്കാത്ത സാഹചര്യമുണ്ടെങ്കിൽ സാമ്പത്തിക വർഷം അവസാനിയ്ക്കുന്നതിനു മുൻപ് ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | ഇ) | നടപ്പുവർഷം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ള ഭൂമി ടി സാമ്പത്തിക വർഷം തന്നെ വാങ്ങി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ